# സഹോദരാ... കൊല്ലരുതേ

[ Malayalam - മലയാളം - مليالم ]

# لا تقتلوا أنفسكم


സി.പി. സ്വലാഹുദ്ദീൻ സ്വലാഹി

صلاح الدين صلاحي



Web edition by:

islamhouse.com

1432 – 2011

بسم الله الرحمن الرحيم

താങ്കൾ പുക വലിക്കുന്നവനാണോ?
പുകവലി കൊണ്ട് താങ്കൾ ഉദ്ദേശിക്കുന്നത് എന്താണ്?
എന്ത് നേട്ടമാണ് താങ്കൾക്ക് അതുകൊണ്ടുള്ളത്?
നിങ്ങളുടെ ശരീരത്തെ നിങ്ങൾ തന്നെ വധിക്കണമെന്നാണോ?
ഒപ്പം മറ്റുള്ളവരെക്കൂടി കൊല്ലണമെന്നോ?
എങ്കിൽ,താങ്കൾ ചെയ്യുന്ന ഏറ്റവും വലിയ ക്രൂരത അതായിരിക്കും.

സഹോദരാ.... താങ്കൾ കഷ്ടപ്പെട്ട് അധ്വാനിച്ചുണ്ടാക്കിയ സമ്പത്തല്ലെ പുകച്ച് തുലക്കുന്നത്?. ധനം അന്യായമായി നഷ്ടപ്പെടുത്തുന്നത് പടച്ച തമ്പുരാൻ വെറുക്കുന്ന കാര്യമാണ്. താങ്കൾക്ക് ഏകദൈവത്തിൽ വിശ്വാസമില്ലെ?. പ്രവാചക സന്ദേശം താങ്കൾ ഉൾക്കൊള്ളുന്നില്ലെ?. പരലോകത്തെക്കുറിച്ച് താങ്കൾക്ക് ബോധമില്ലെ?. ഉണ്ടെങ്കിൽ താങ്കൾ ഏത് നിലയിലുള്ള ആളായാലും ഈ മുന്നറിയിപ്പ് ശ്രദ്ധിക്കുക. തീർച്ചയായും അല്ലാഹുവിന്റെ കോടതിയിൽ ഈ ഉപദേശലേഖനം താങ്കൾക്കൊപ്പം ഹാജരാക്കപ്പെടും.

മഹാനായ മുഹമ്മദ് നബി(ﷺ)യുടെ നിയോഗ ലക്ഷ്യങ്ങളിൽപ്പെട്ട ഒരു കാര്യമായി വിശുദ്ധ ഖുർആൻ പറയുന്നത് ഇപ്രകാരമാണ്. ‘‘നല്ല വസ്തുക്കൾ അവർക്ക് അദ്ദേഹം അനുവദനീയമാക്കുകയും ചീത്ത വസ്തുക്കൾ അവരുടെ മേൽ നിഷിദ്ധമാക്കുകയും ചെയ്യുന്നു’’ (അഅ്റാഫ്: 157).

പുകവലി തിന്മകളിൽ പെട്ടതാണ് എന്ന കാര്യത്തിൽ ലോകത്ത് രണ്ട് അഭിപ്രായമുള്ളതായി തോന്നുന്നില്ല. അതിന്റെ നിർമ്മാതാക്കൾ പോലും പുകവലി ആരോഗ്യത്തിന് ഹാനികരം എന്ന് എഴുതിക്കൊണ്ടാണ് അത് വിൽപ്പന നടത്തുന്നത്. അതിന്റെ വാസന വെറുക്കുന്നവരും അതുകൊണ്ടുള്ള ഉപദ്രവം സഹിക്കാൻ കഴിയാത്തവരുമാണ് മനുഷ്യരിൽ ഭൂരിഭാഗവും.

അതിനാൽ വിശുദ്ധ ഖുർആൻ പറയുന്നത് ശ്രദ്ധിക്കുക: ‘‘നിങ്ങളുടെ കൈകൾ നിങ്ങൾ തന്നെ നാശത്തിൽ തള്ളിക്കളയരുത്’’ (അൽബഖറ: 195).

‘‘നിങ്ങൾ നിങ്ങളെത്തന്നെ കൊലപ്പെടുത്തുകയും ചെയ്യരുത്’’ (നിസാഅ്: 29)

‘‘അവയിലെ പാപത്തിന്റെ അംശമാണ് പ്രയോജനത്തിന്റെ അംശത്തെക്കാൾ വലുത്’’ (അൽ ബഖറ:219).

‘‘തീർച്ചയായും ദുർവ്യയം ചെയ്യുന്നവർ പിശാചുക്കളുടെ സ ഹോദരങ്ങളാകുന്നു’’ (ഇസ്റാഅ്: 27).

മേലെ വായിച്ച സൂക്തങ്ങൾ മുഴുവനും നമ്മെ സ്നേഹിക്കു ന്ന റബ്ബ് നമുക്ക് നൽകിയ ഉപദേശങ്ങളാണ്. പടച്ചവന്റെ ഉപദേശ ങ്ങൾക്ക് ചെവി കൊടുക്കേണ്ടവരല്ലേ നമ്മൾ?

ഒരാൾ ഒരു രൂപയെടുത്ത് കത്തിച്ചു കളയുന്നു എന്ന് കരുതു ക. എന്നാൽ അതിലൂടെ ആ ഒരു രൂപയുടെ നഷ്ടം മാത്രമേയു ള്ളു. അയാൾ ഒരു രൂപ കൊടുത്ത് സിഗരറ്റ് വാങ്ങുന്നൂ എങ്കിലോ. ആ ഒരു രൂപയോടൊപ്പം തന്റെ ഹൃദയത്തെക്കൂടി കരിച്ചു കളയുക യാണ് അയാൾ ചെയ്യുന്നത്. മാത്രവുമല്ല, മറ്റുള്ളവരെ കൂടി ഉപദ്ര വിക്കുക എന്ന നികൃഷ്ട പണിയുമാണ് ചെയ്യുന്നത്.

എന്നാൽ പ്രവാചകൻ(ﷺ) പറഞ്ഞു: ‘‘സ്വയം ഉപദ്രവിക്കുക യോ മറ്റുള്ളവരെ ഉപദ്രവിക്കുകയോ അരുത്’’ (അഹ്മദ്)

‘‘ആർ അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നു വോ അവൻ തന്റെ അയൽവാസിയെ ഉപദ്രവിക്കാതിരിക്കട്ടെ’’ (ബു ഖാരി).

ഏകദൈവത്തെ മാത്രം ആരാധിക്കുന്ന, പ്രവാചകൻ(ﷺ)യുടെ സുന്നത്ത് ജീവിതത്തിൽ പകർത്താൻ ആഗ്രഹിക്കുന്ന, പരലോക ത്തിൽ വിശ്വാസമുള്ള ഏതൊരു മനുഷ്യന്നും, ഈ വെറുക്കപ്പെട്ട പുകവലി ഒഴിവാക്കാൻ പ്രവാചക നിർദ്ദേശങ്ങൾ പര്യാപ്തമാകേ ണ്ടതുണ്ട്.

സഹോദരാ..... താങ്കൾക്ക് ഇനിയും ഈ വൃത്തികെട്ട പരിപാ ടി നിർത്താൻ സമയമായില്ലേ? താങ്കൾക്ക് ഒരുപാട് ന്യായീകരണ ങ്ങൾ പറയാനുണ്ടാകും. എന്നാൽ അല്ലാഹു നൽകിയ മഹത്തായ അനുഗ്രഹമായ ചുണ്ടുകൾ കൊണ്ട് പിശാചിന്റെ ദുർവായു വലി

ച്ചു വിടുന്നതിന് പകരം ആ സമയവും കൂടി അല്ലാഹുവിനെ സ്മരിച്ചു കൊണ്ട് താങ്കളുടെ അധരങ്ങളെ ധന്യമാക്കുക.

സഹോദരാ..... ഇനിയും പൈശാചികമായ ആ വൃത്തികേട് താങ്കൾ ഒഴിവാക്കുന്നില്ലെങ്കിൽ പരലോകത്ത് താങ്കൾ പിശാചിനോട് ഇപ്രകാരം പറയേണ്ടി വരുന്ന ഒരവസ്ഥയെക്കുറിച്ച് ചിന്തിക്കുക. ''എനിക്കും നിനക്കുമിടയിൽ ഉദയാസ്തമന സ്ഥാനങ്ങൾ തമ്മിലുള്ള അകലം ഉണ്ടായിരുന്നെങ്കിൽ എത്ര നന്നായിരുന്നേനെ. അപ്പോൾ ആ കൂട്ടുകാരൻ എത്ര ചീത്ത'' (സുഖ്റുഫ്: 38).

സഹോദരാ....... ഈ ദുഷിച്ച ശീലം താങ്കൾ ഒഴിവാക്കുക. മറ്റുള്ളവരെ അതിൽ നിന്ന് പിന്തിരിപ്പിക്കുക. ഇച്ഛയെ പിടിച്ചു നിർത്താൻ കഴിവുള്ള യോദ്ധാവാകുക. താങ്കൾക്ക് അതിന് കഴിയട്ടെ. അല്ലാഹു അനുഗ്രഹിക്കട്ടെ.

പ്രമാണങ്ങൾ മനസ്സിലാക്കിയിട്ട്, ഇനിയും താങ്കൾ പുകവലിക്കുന്നുവെങ്കിൽ താങ്കളുടെ ഹൃദയത്തിന്റെ കട്ടി അപാരം തന്നെ!. നാഥാ– ഇത് വായിച്ചറിഞ്ഞിട്ടും പുകവലിച്ച കാരണത്താൽ ഒരാൾ ശിക്ഷക്ക് വിധേയനാവുകയാണെങ്കിൽ ഈ എഴുത്ത് നിന്റെ മുന്നിൽ സാക്ഷിയായിരിക്കും.

സഹോദരാ, ഈ സന്ദേശം താങ്കൾക്കെത്തിച്ചു തന്നതിന് അല്ലാഹു സാക്ഷിയാണ്. താങ്കളുമായി ബന്ധപ്പെടുന്ന പുകവലിക്കാർക്കെല്ലാം ഈ സന്ദേശം എത്തിച്ചുവെന്ന് ഉറപ്പുവരുത്തുക.

وصلى الله عليه وسلم على نبينا محمد وعلى آله وصحبه وسلم.

*************